## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 957 30/06/2011 ൽ മറുപടിയ്ക്ക്

### ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പട്ടികജാതി, മറ്റർഹവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള 2011-2012 അധ്യയനവർഷത്തെ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ആയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ ഇനത്തിൽ ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന തുക എത്ര വീതമാണ്;

(എ) ആയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയും പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ജൂൺ ആദ്യവാരം തന്നെ ലംപ്സംഗ്രാന്റ് സ്റ്റൈപ്പന്റ് എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യമായ തുക മുൻകൂറായി സ്ഥാപനമേധാവിയെ ഏൽപ്പിക്കുവാൻ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി)

| ജില്ല | പട്ടികജാതി (തുക ലക്ഷത്തിൽ) | മറ്റർഹ വിഭാഗം (തുക ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 250 | 50 |
| കൊല്ലം | 150 | 35 |
| പത്തനംതിട്ട | 75 | 30 |
| ആലപ്പുഴ | 75 | 40 |
| കോട്ടയം | 85 | 80 |
| ഇടുക്കി | 55 | 30 |
| എറണാകുളം | 115 | 100 |
| തൃശ്ശൂർ | 160 | 35 |
| പാലക്കാട് | 200 | 6 |
| മലപ്പുറം | 160 | 5 |
| കോഴിക്കോട് | 105 | 25 |
| വയനാട് | 20 | 4 |
| കണ്ണൂർ | 40 | 15.8 |
| കാസർഗോഡ് | 30 | 15 |

| | |
|---|---|
| (സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഈ ഇനത്തിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) ഈ ഇനത്തിൽ കുടിശ്ശിക വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ